## ബസ്സപകടങ്ങൾ

104 [143] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര ബസ്സപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിന്റെ ഫലമായി എത്ര ആളുകൾ മരിച്ചിട്ടുണ്ട്;

(സി) വണ്ടി അപകടത്തെത്തുടർന്നു മരിച്ചവരുടേയും ഗുരുതരമായ പരിക്കുപറ്റിയവരുടേയും കുടുംബങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകിയവകയിൽ എത്ര രൂപ സംസ്ഥാന ഗവൺമെന്റ് ചെലവ് ചെയ്തു എന്നു വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 1621.

(ബി) 328.

(സി) വിവരം ശേഖരിച്ചുവരുന്നു.

## മദ്യത്തിൽ മായം ചേർക്കുന്നതു തടയുവാൻ നടപടി

105 [144] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷം കലർന്ന മദ്യം കഴിച്ചതിന്റെ ഫലമായി കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) അടുത്തകാലത്ത് ഏലപ്പാറയിൽ ചീന്തലാർ എസ്റ്റേറ്റിൽ വിഷമദ്യം കഴിച്ചതിന്റെ ഫലമായി എത്രപേർ മരണമടഞ്ഞു;

(സി) മദ്യത്തിൽ മായം ചേർക്കുന്നതും കള്ളവാറ്റ് നടത്തുന്നതും തടയുവാൻ ശക്തമായ നടപടികൾ ഉടനടി സ്വീകരിക്കുമോ?

### ഉത്തരം

(എ, ബി) വിഷം കലർന്ന മദ്യം കഴിച്ചതിന്റെ ഫലമായി മരണമുണ്ടായതായ ഒരു സംഭവവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും അങ്ങിനെ മരണമുണ്ടായിട്ടുണ്ടോ എന്നും എങ്കിൽ അതിന്റെ പൂർണ്ണ രൂപമെന്താണെന്നും മറ്റും അന്വേഷിച്ചു വിവരം അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം അബ്കാരി കുറ്റങ്ങൾ തടയുവാൻ ശക്തമായ നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്.

## ക്ലിങ്ക്കർ സിമന്റ് ഫാക്ടറി

106 [146] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിങ്ക്കർ സിമന്റ് ഫാക്ടറി കേരളത്തിൽ ഈ വർഷം തുടങ്ങുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര ഫാക്ടറിയാണ് തുടങ്ങുവാൻ പോകുന്നത്;

(സി) അതിൽ ഒരെണ്ണം കൊല്ലം ജില്ലയിൽ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. കൺട്രോൾ സിമന്റ് ഫാക്ടറി തുടങ്ങുവാനുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

## ഫോറസ്റ്റ് റേഞ്ചർമാർക്ക് പ്രൊമോഷൻ

107 [147] ശ്രീ. സി. എ. കുര്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റേഞ്ചർമാർക്ക് പ്രൊമോഷൻ സാദ്ധ്യത കുറവായതിനാൽ അവർക്ക് ഉയർന്ന സ്കെയിലിൽ ഒരു സീനിയർ ഗ്രേഡ് അനുവദിക്കണമെന്ന് ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്തിരുന്നോ;

(ബി) എങ്കിൽ അതു നടപ്പിലാക്കുമ്പോൾ റേഞ്ചർമാരുടെ മൊത്തം റേഞ്ചർ സർവീസ് പരിഗണിച്ച് സീനിയർ ഗ്രേഡ് നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ശുപാർശ ചെയ്തിരുന്നു.

(ബി) റേഞ്ചർ തസ്തികയിലുള്ള സീനിയോറിട്ടി അടിസ്ഥാനത്തിൽ ഗ്രേഡ് നൽകുന്ന കാര്യമാണ് പരിഗണനയിൽ ഉള്ളത്.

## മലഞ്ചരക്ക് ഉൽപ്പന്നങ്ങളുടെ വിപണനം സംബന്ധിച്ചു വന്ന പത്രവാർത്ത

108 [149] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ ഗിരിവർഗ്ഗക്കാരുടെ ഒരു ഇല്ലാത്ത സൊസൈറ്റിക്കു മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ വനം വകുപ്പ് അനുവാദം കൊടുത്തുവെന്നുള്ള 20-8-1979-ലെ മാതൃഭൂമി റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്

(ബി) ഇക്കാര്യം ഗവൺമെന്റ് അന്വേഷിച്ചു വരികയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly